# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7375 — 14.7.2014-ൽ മറുപടിക്ക്

## ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. സാജു പോൾ<br>,, വി. ശിവൻകുട്ടി<br>,, എ. പ്രദീപ്കുമാർ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ശുചിത്വമിഷന്റെ പ്രവർത്തനം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) ശുചിത്വമിഷന്റെ പ്രവർത്തനം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ചെയർമാനായ ശുചിത്വ മിഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിതലത്തിലും, പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി ചെയർമാനായ ജനറൽ ബോഡി തലത്തിലും സർക്കാർതലത്തിലും അവലോകനം നടത്തുന്നതു കൂടാതെ അക്കൗണ്ടന്റ് ജനറൽ നടത്തുന്ന ആഡിറ്റിംഗ് പ്രകാരവും അവലോകനം ചെയ്തു വരുന്നു. |
| (ബി) ഖരമാലിന്യ പ്ലാന്റുകൾ നിർമ്മിക്കുന്നതിനു 2013-14-ൽ ശുചിത്വമിഷൻ ലക്ഷ്യമിട്ടിരുന്നുവോ എന്നറിയിക്കുമോ;<br>(സി) പ്രസ്തുത ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) & (സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലസൗകര്യമുൾപ്പെടെ പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്നതനുസരിച്ചാണ് ഖരമാലിന്യ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ശുചിത്വമിഷൻ നൽകുന്നത്. 2013-14 വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളൊന്നും തന്നെ പദ്ധതികൾ സമർപ്പിച്ചിരുന്നില്ല. |
| (ഡി) ശുചിത്വമിഷനുവേണ്ടി 2013-14-ൽ ബജറ്റ് വിഹിതമായി നീക്കിവെച്ചത് എന്തു തുകയാണ്; ഇതിൽ എന്തുതുക ചെലവഴിച്ചു എന്നതു സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ? | (ഡി) 2013-14-ൽ ശുചിത്വമിഷനുവേണ്ടി ബജറ്റ് വിഹിതമായി 91.85 കോടി നീക്കി വച്ചിരുന്നു. ഇതിൽ 21.93 കോടി രൂപ ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ